# പതിനാലാം കേരള നിയമ സഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 805 — 11.07.2016 ൽ മറുപടിക്ക്

## വാളകം ആർ.വി.വി.എച്ച്.എസ്.എസ്സിലെ അദ്ധ്യാപകരുടെ സസ്പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.എസ് അച്ചുതാനന്ദൻ | | ശ്രീ. സി. രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വാളകം ആർ.വി.വി.എച്ച്.എസ്.എസ്സിലെ അദ്ധ്യാപകനായ ശ്രീ. കൃഷ്ണകുമാറിനെയും ശ്രീമതി.ഗീതയെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സ്കൂളിന്റെ മാനേജർ ശ്രീ. ആർ.ബാലകൃഷ്ണപിള്ള അഴിമതി നിരോധന നിയമപ്രകാരം ഒരു വർഷം കഠിന തടവ് അനുഭവിച്ച വ്യക്തിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇദ്ദേഹത്തിന് നിലവിലുള്ള നിയമപ്രകാരം മാനേജരായിരിക്കാൻ യോഗ്യതയുണ്ടോ; അങ്ങനെയെങ്കിൽ ഈ സസ്പെൻഷൻ നിയമപരമാണോ; | (സി) | 04.08.2011-ലെ ജി. ഒ. (ആർ.റ്റി) നം. 3157/2011/പൊ.വി.വ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് മാനേജർ എന്ന നിലയിൽ അയോഗ്യത കൽപ്പിച്ചിരുന്ന മുൻ തീരുമാനം നീക്കം ചെയ്ത് കൊണ്ട് 20.09.2011-ലെ ബി4/6721/2011 ഉത്തരവ് പ്രകാരം അന്നത്തെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള, വാളകം ആർ.വി.വി.എച്ച്.എസ്.എസ്സിന്റെ മാനേജർ ആയി തുടർന്ന് വരുന്നു. |
| (ഡി) | പ്രസ്തുത അദ്ധ്യാപകരെ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രീ. കൃഷ്ണകുമാറിന്റെ സസ്പെൻഷൻ തീയതി മുതൽ (02.06.2016) പ്രാബല്യത്തോടെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് കൊണ്ടും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നൽകിയിട്ടുണ്ട്. ശ്രീമതി. കെ. ആർ. ഗീതയെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Beena

സെക്ഷൻ ഓഫീസർ